സ.ഉ.(സാധാ) നം.3009/2022/LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്: - പഞ്ചായത്ത് ജീവനക്കാര്യം; - തൃശ്ശൂർ ജില്ല – തളിക്കുളം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി, ശ്രീ.ടി.എസ് ബെനഡിക്ക് ആന്റണി, മുൻ ജൂനിയർ സൂപ്രണ്ടും, സെക്രട്ടറിയുമായിരുന്ന ശ്രീ. എ.ആർ. ഉന്മേഷ് എന്നിവർക്ക് എതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.3009/2022/LSGD തീയതി,തിരുവനന്തപുരം, 05-12-2022

---

പരാമർശം:-

1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 22/12/2017 ലെ CP SP-1/41189/17/VACB നമ്പർ കത്ത്.
2. പഞ്ചായത്ത് ഡയറക്ടറുടെ 18/02/2021 ലെ PAN/22581/2018-D7(DP) നമ്പർ കത്ത്.
3. പഞ്ചായത്ത് ഡയറക്ടറുടെ 07/07/2021 ലെ PAN/22581/2018-D7(DP) നമ്പർ കത്ത്.
4. സർക്കാരിന്റെ 30/11/2021 ലെ ശ്രീ.ടി.എസ് ബെനഡിക്ക് ആന്റണിക്കെതിരെയുള്ള ഇപിബി3/172/2018/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
5. സർക്കാരിന്റെ 22/02/2022 ലെ ശ്രീ. എ.ആർ ഉന്മേഷിനെതിരെയുള്ള ഇപിബി3/172/2018/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
6. ശ്രീ. എ.ആർ. ഉന്മേഷ് എ.ആർ. സമർപ്പിച്ച 11/04/2022 ലെ എതിർവാദ പത്രിക.
7. പഞ്ചായത്ത് ഡയറക്ടറുടെ 26/09/2022 ലെ PAN/22581/2018-D7(DP) നമ്പർ കത്ത്.

**ഉത്തരവ്**

തളിക്കുളം ഗ്രാമ പഞ്ചായത്ത് ഉദ്യോഗസ്ഥർക്കെതിരായ പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ തൃശ്ശൂർ യൂണിറ്റ് അന്വഷണം നടത്തുകയും, തളിക്കുളം ഗ്രാമപഞ്ചായത്ത് 10-ാം വാർഡിൽ കേന്ദ്ര സർക്കാരിന്റെയും, സംസ്ഥാന സർക്കാരിന്റെയും ഫണ്ട് ഉപയോഗിച്ച് ഗ്രാമപഞ്ചായത്ത് പണിപൂർത്തീകരിച്ച കെട്ടിടത്തിന്റെ നമ്പർ, രേഖകൾ ഇല്ലാതെയാണ് അനുവദിച്ചിട്ടുള്ളതെന്നും കെട്ടിടത്തിന്റെ 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ നികുതിയും ആയതിന്റെ കുടിശ്ശികയും ലഭിച്ചിട്ടില്ലായെന്ന് വ്യക്തമാണെന്നും പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

ടി റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന പ്രാഥമിക അന്വേഷണം നടത്തി പരാരമശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. അതിൽ ശ്രീ.പി.ബി.സുബാഷ്, ശ്രീ.ടി.എസ് ബെനഡിക്ട് ആന്റണി എന്നിവർ സെക്രട്ടറി എന്ന നിലയിലും, ശ്രീ.എ.ആർ ഉന്മേഷ്, ജൂനിയർ സുപ്രണ്ട് സെക്രട്ടറി എന്ന നിലകളിലും, ശ്രീമതി. രഞ്ജു എൽ.എം വാർഡ് ക്ലാർക്ക് എന്ന നിലയിലും ഗുരുതരമായ ക്രമക്കേടാണ് നടത്തിയത് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ടി ജീവനക്കാരിൽ തളിക്കുളം ഗ്രാമപഞ്ചായത്ത് മുൻ ജൂനിയർ സൂപ്രണ്ടും, സെക്രട്ടറിയുമായിരുന്ന ശ്രീ.എ.ആർ. ഉന്മേഷിനെതിരായ അച്ചടക്ക നടപടി KSR ഭാഗം II I ലെ ചട്ടം 3 (a) അനുസരിച്ച് പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും ശ്രീ. ടി.എസ് ബെനഡിക്ട് ആന്റണിയക്ക് എതിരെ KSR പാർട്ട് III റൂൾ 3(b) അനുസരിച്ച് പരാമർശം (4) പ്രകാരവും കാരണം കാണിക്കൽ നോട്ടീസ് നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു.

പരാമർശം (6) പ്രകാരം ശ്രീ. എ.ആർ.ഉന്മേഷ് സമർപ്പിച്ച എതിർവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച പരാമർശം (7) റിപ്പോർട്ട് പ്രകാരം, തൃശ്ശൂർ ജില്ലയിലെ തളിക്കളം ഗ്രാമ പഞ്ചായത്തിൽ തീരദേശ അതോറിറ്റിയുടെ അനുമതി കൂടാതെ CRZ മേഖലയിൽ നിർമ്മിച്ച വികാസ് ട്രസ്റ്റ് ഡയറക്ടറുടെ ഉടമസ്ഥതയിലുള്ള കെട്ടിടം, അനധികൃത കെട്ടിടമായി കണക്കാക്കി പൊളിച്ച് മാറ്റുന്നതിനുള്ള ഉത്തരവ് നിലനിൽക്കെ സെക്ഷൻ ക്ലർക്കിന്റെ നോട്ട് പരിഗണിക്കാതെ ഉപയോഗക്രമത്തിന് അനുസൃതമായി നിലവിലുള്ള ഒരു കെട്ടിട നമ്പർ നാല് ഭാഗങ്ങളായി വിഭജിച്ച് നമ്പർ അനുവദിക്കുന്നതിന് സെക്രട്ടറിക്ക് ശുപാർശ നൽകിയതായും , വികാസ് ട്രസ്റ്റ് ഡയറക്ടർ സർക്കാരിലേക്ക് നൽകിയിട്ടുള്ള അപേക്ഷയിൽ, തീർപ്പ് കൽപ്പിക്കുന്നതുവരെ യാതൊരു നടപടിയും സ്വീകരിക്കരുത് എന്നുള്ള ഭരണസമിതി തീരുമാനത്തിൽ 2003 - ലെ കേരള പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിൻ മേൽ സ്വീകരിക്കേണ്ട നടപടിക്രമം) പാലിച്ചില്ല എന്നതുമാണ് ടിയാന്റെമേൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന കുറ്റം.

ടിയാൻ സമർപ്പിച്ചിട്ടുള്ള മറുപടിയിൽ 22/08/2016-ന് ടി ഗ്രാമപഞ്ചായത്തിൽ ജൂനിയർ സൂപ്രണ്ടായി ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പാണ് വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നിശ്ചയിച്ചിരുന്നത് എന്നും പിന്നീട് 100 ശതമാനം നികുതി പിരിവ് പൂർത്തീകരിക്കുന്നതിലേക്കാണ് സഞ്ചയ സോഫ്റ്റ് വെയറിൽ ചേർത്തത് എന്നും അനധികൃത നിർമ്മാണം ആണ് എന്നത് സെക്ഷൻ ക്ലർക്ക് ശ്രദ്ധയിൽപ്പെടുത്തിയിരുന്നില്ല എന്നും പറയുന്നു. ടിയാൻ തളിക്കുളം ഗ്രാമപഞ്ചായത്തിൽ സേവനത്തിൽ പ്രവേശിക്കുന്നതിന് മുമ്പാണ് കെട്ടിത്തിന് നമ്പർ അനുവദിച്ചിട്ടുള്ളത് എന്നുള്ള വാദം വസ്തുതാപരമാണ്. എന്നാൽ അനധികൃത നിർമ്മാണമാണ് എന്നത് സെക്ഷൻ ക്ലർക്ക് ശ്രദ്ധയിൽപ്പെടുത്തിയിരുന്നില്ല എന്ന പരാമർശം തെറ്റാണ്. സെക്ഷൻ ക്ലർക്ക് അനധികൃത നിർമ്മാണമാണ് എന്നത് കൃത്യമായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വികാസ് ട്രസ്റ്റ് ഡയറക്ടറുടെ അപേക്ഷ നിരസിച്ച് കൊണ്ടുള്ള തീരദേശ അതോറിറ്റിയുടെ കത്തും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. അത് കൊണ്ട് തന്നെ ടിയാന്റെ വാദം നിലനിൽക്കാത്തതാണ്. വികാസ് ട്രസ്റ്റ് ഡയറക്ടർ സർക്കാരിലേക്ക് നൽകിയിട്ടുള്ള അപേക്ഷയിൽ തീർപ്പ് കല്പിക്കുന്നതുവരെ യാതൊരു നടപടിയും സ്വീകരിക്കരുതെന്ന ഭരണസമിതി തീരുമാനത്തിൽ 2003 ലെ കേരള പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിൻമേൽ സ്വീകരിക്കേണ്ട നടപടിക്രമം) പാലിച്ചില്ല എന്നതിന് കൃത്യമായ ഒരു വിശദീകരണം നൽകുന്നതിന് ടിയാന്

കഴിഞ്ഞിട്ടുമില്ല. മേൽ വിഷയത്തിൽ ശ്രീ.എ.ആർ.ഉന്മേഷിനെതിരായ കാരണം കാണിക്കൽ നോട്ടീസിൽ പരാമർശിച്ച ആരോപണങ്ങളിൽ ടിയാൻ സമർപ്പിച്ച എതിർവാദപത്രിക പരിഗണിക്കാവുന്നതല്ലെന്നും, ടിയാന്റെ ഭാഗത്ത് നിന്നും വീഴ്ച ഉണ്ടായിട്ടുണ്ടെന്നുമുള്ള വിവരവും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ശ്രീ.ടി.എസ് ബെനഡിക്ക് ആന്റണിയുടെ മറുപടി ഇതുവരെയും ലഭ്യമായിട്ടില്ല.

ഈ സാഹചര്യത്തിൽ തളിക്കുളം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി, ശ്രീ.ടി.എസ് ബെനഡിക്ക് ആന്റണി, മുൻ ജൂനിയർ സൂപ്രണ്ടും, സെക്രട്ടറിയുമായിരുന്ന ശ്രീ.എ.ആർ. ഉന്മേഷ് എന്നിവർക്കെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ ജി

അഡിഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
   (പരാമർശം (1) മുതൽ (7) വരെയുള്ളവയുടെ പകർപ്പുകൾ സഹിതം).
2. ശ്രീ. ടി. എസ് ബെനഡിക്ക് ആന്റണി, മുൻ സെക്രട്ടറി, തളിക്കുളം ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന).
3. ശ്രീ. എ.ആർ. ഉന്മേഷ്, മുൻ ജൂനിയർ സൂപ്രണ്ട്/സെക്രട്ടറി, തളിക്കുളം ഗ്രാമപഞ്ചായത്ത്. (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന).
4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/172/2018/തസ്വഭവ നമ്പർ ഫയലിൽ).

ഉത്തരവിൻ പ്രകാരം

**Signed by Noushad M**
**Date: 06-12-2022 10:41:46**

സെക്ഷൻ ഓഫീസർ